# Malayala Manorama
# 27 August 2018
# Perumbavoor, After Flood, Timber Industry, Loss

# നഷ്ടപ്രളയത്തിൽ മരവ്യവസായം



റി നശിച്ച പ്ലൈവുഡ് കമ്പനികളിലൊന്ന്.

**50 പ്ലൈവുഡ് കമ്പനികൾക്ക് 80 കോടിയോളം രൂപയുടെ നഷ്ടം**

**വി.ടി.കൃഷ്ണകുമാർ**

പെരുമ്പാവൂരിലെ സാമ്പത്തിക മേഖലയുടെ നട്ടെല്ലായ മരവ്യവസായ മേഖലയ്ക്ക് പ്രളയത്തിൽ നേരിടേണ്ടി വന്നതു വൻനഷ്ടം. വെള്ളം കയറി 50 പ്ലൈവുഡ് കമ്പനികൾക്കു 80 കോടിയോളം രൂപയുടെ നഷ്ടമാണു പ്രാഥമിക വിലയിരുത്തലിൽ കണക്കാക്കുന്നത്. കമ്പനികളുടെ പ്രവർത്തനം തടസ്സപ്പെട്ടതോടെ നൂറുകണക്കിനു തൊഴിലാളികളും പട്ടിണിയിലാണ്.

വാഴക്കുളം, വെങ്ങോല പഞ്ചായത്തുകളിലെയും പെരുമ്പാവൂർ നഗരസഭയിലെയും മരവ്യവസായ സ്ഥാപനങ്ങളെയാണ് പ്രളയം ബാധിച്ചത്. വെള്ളം കയറി ഉൽപന്നങ്ങളും അസംസ്കൃത വസ്തുക്കളും നശിച്ചു. ലക്ഷക്കണക്കിനു രൂപ വിലയുള്ള യന്ത്രങ്ങൾ വെള്ളം കയറി കേടായി.

50 ലക്ഷം മുതൽ രണ്ടു കോടി രൂപയാണ് ഓരോ കമ്പനികൾക്കുമുണ്ടായ നഷ്ടമെന്ന് സോമിൽ ഓണേഴ്സ് ആൻഡ് പ്ലൈവുഡ് മാനുഫാക്ചേഴ്സ് അസോസിയേഷൻ പ്രസിഡന്റ് എം.എം. മുജീബ് റഹ്മാൻ പറഞ്ഞു. 35 കമ്പനികളിൽ ഓരോന്നിനും രണ്ടു കോടി രൂപയുടെ നഷ്ടമുണ്ടെന്നാണു പ്രാഥമിക വിലയിരുത്തൽ. ബാക്കിയുള്ളവയ്ക്ക് 50 ലക്ഷം രൂപ നഷ്ടമുണ്ട്. സ്ഥാപനങ്ങളിൽ ഇതര സംസ്ഥാന തൊഴിലാളികളാണു ജോലി ചെയ്യുന്നതിൽ ഭൂരിഭാഗവും. വെള്ളം കയറിയതു മൂലം ഇവർക്കു പണിയില്ലാതായി. കുറെ തൊഴിലാളികൾ നാട്ടിലേക്കു മടങ്ങി. ബാക്കിയുള്ളവരെ ഉടമകൾ ഇടപെട്ട് വിവിധ ദുരിതാശ്വാസ ക്യാംപുകളിൽ താമസിപ്പിച്ചു.

അസോസിയേഷൻ അംഗങ്ങളായ ഉടമകളിൽ നഷ്ടമുണ്ടായവർക്കു സാമ്പത്തിക സഹായം നൽകുന്നതിനെക്കുറിച്ച് ആലോചിക്കുമെന്ന് എം.എം. മുജീബ് റഹ്മാൻ അറിയിച്ചു.